

# General Information on the Sacraments
# കൂദാശകളെക്കുറിച്ചുള്ള പൊതുവിജ്ഞാനം

1. What does the Syriac word 'kudasha' mean? /'കൂദാശ' എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?

   **Answer:** The action that sanctifies/വിശുദ്ധീകരിക്കുന്ന കർമ്മം

2. What is the Latin word used to mean the 'Sacrament'? /കൂദാശ എന്ന അർത്ഥത്തിൽ ഉപയോഗിച്ചുവരുന്ന ലത്തീൻ പദമേത്?

   **Answer:** Mysterion/മിസ്റ്റേരിയോൺ

3. Who first used the term 'mysterion' in connection with Christian worship? / 'മിസ്റ്റേരിയോൺ' എന്ന പദം ക്രിസ്തീയ ആരാധനയുമായി ബന്ധപ്പെടുത്തി ഉപയോഗിച്ചു തുടങ്ങിയതാരാണ്?

   **Answer:** Clement of Alexandria and Origen/ അലക്സാൺഡ്രിയായിലെ ക്ലമന്റും, ഒരിജനും

4. How many are the Sacraments?/ കൂദാശകൾ എത്ര?

   **Answer:** Seven / ഏഴ്

5. Who instituted the Sacraments? / കൂദാശകൾ സ്ഥാപിച്ചതാര്?

   **Answer:** Jesus Christ/ ഈശോ മിശിഹാ (CCC 1210)

6. What are the Sacraments? / കൂദാശകൾ എന്നാൽ എന്ത്?

   **Answer:** Sacraments are the visible signs instituted by Jesus Christ and administered by the Church, which sanctify and strengthen us with the invisible Grace / Divine Life/ അദൃശ്യമായ ദൈവീക ജീവൻ / കൃപാവരം നൽകി നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഈശോമിശിഹാ സ്ഥാപിച്ചതും തിരുസഭ പരികർമ്മം ചെയ്യുന്നതുമായ ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ

7. Why did Jesus Christ institute the sacraments? / ഈശോമിശിഹാ കൂദാശകൾ സ്ഥാപിച്ചത് എന്തിനു വേണ്ടിയാണ്?

   **Answer:** Through the sacraments, the redemption of Christ, the universal savior, reaches all mankind in all times and places, /ലോകരക്ഷകനായ ഈശോമിശിഹായുടെ വീണ്ടെടുപ്പ് കൂദാശകളിലൂടെ, എല്ലാ കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലുമുള്ള എല്ലാ മനുഷ്യരാശിയിലും എത്തിച്ചേർക്കുന്നതിന് വേണ്ടി

8. What do we attain through the Sacraments? /കൂദാശകളിലൂടെ നമുക്ക് ലഭിക്കുന്നതെന്താണ്?

   **Answer:** **Sacramental Grace/** കൗദാശിക വരപ്രസാദം

9. What is the importance of sacraments in Christian life / ക്രൈസ്തവ ജീവിതത്തിൽ കൂദാശകളുടെ പ്രാധാന്യമെന്താണ്?

   **Answer:** Sacraments help the recipient at each stage of life to be in a state of Grace / ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും കൃപാവസ്ഥയിലായിരിക്കാൻ കൂദാശകൾ നമ്മെ സഹായിക്കുന്നു (CCC 1210)

10. Which Council officially taught that the Sacraments are seven? / ഏതു സൂനഹദോസാണ് കൂദാശകൾ ഏഴെന്ന് ഔദ്യോഗികമായി പഠിപ്പിച്ചത്?

    **Answer:** Council of Trent /ട്രെൻഡ് സൂനഹദോസ്

11. Who is the real minister of the sacrament? / കൂദാശകളുടെ യഥാർത്ഥ കാർമ്മികൻ ആരാണ്?

Jesus Christ / ഈശോ മിശിഹാ (CCC 1084)

12. Who is the Ordinary minister of the sacrament? / കൂദാശയുടെ സാധാരണ കാർമ്മികൻ ആരാണ്?

**Answer:** Christ etnrusted his sanctifying authortiy to the apostles by giving them the Holy Spirit. By the power of the same Holy Spirit, that authortiy is etnrusted to their successors (CCC1087), (bishops). A priest receives share in that sanctifying service of the bishop through the sacrament of the Holy Orders / ക്രിസ്തു തന്റെ വിശുദ്ധീകരിക്കുന്നതിനുള്ള അധികാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് അപ്പോസ്തലന്മാരെ ഭരമേല്പിച്ചു. അതേ പരിശുദ്ധാതമാവിന്റെ ശക്തിയാൽ, അപ്പസ്തോലന്മാരുടെ പിൻഗാമികൾക്ക് (മെത്രാന്മാർക്ക്) ആ അധികാരം ഭരമേല്പിക്കപെടുന്നു (CCC1087). വൈദികർ മെത്രാന്റെ ആ ശുശ്രുഷയിൽ തിരുപ്പട്ടം വഴി പങ്കാളികളാകുവാൻ യോഗ്യരാകുന്നു.

13. Why the unworthiness of the minister does not affect the validtiy of the sacrament? കാർമ്മികന്റെ അയോഗ്യത കൂദാശയുടെ സാധുതയെ ബാധിക്കുന്നില്ല, എന്തുകൊണ്ട്?

**Answer:** The real minister in the administration of the sacrament is Jesus Christ himself / ഈശോ മിശിഹാ തന്നെയാണ് കൂദാശാപരികർമ്മത്തിലെ യഥാർത്ഥ കാർമ്മികൻ (CCC 1084)

14. According to the Vatican Council II (SC 59) what are the three fold purposes of the Sacraments? രണ്ടാം വത്തിക്കാൻ കൗൺസിൽ അനുസരിച്ച് (SC 59) കൂദാശകളുടെ മൂന്ന് ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

**Answer:** Sanctification of human beings, Building up of the body of Christ, and the Participation in the worship to God (CCC1123)/ മനുഷ്യരുടെ വിശുദ്ധീകരണം, ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയുടെ നിർമ്മാണം, ദൈവാരാധനയിൽ പങ്കാളിത്തം (CCC 1123)

15. How does the Catechism of the Catholic Church (CCC) categorize the Seven sacraments?/ കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം എങ്ങനെയാണ് ഏഴു കൂദാശകളെ തരംതിരിച്ചിരിക്കുന്നത്?

**Answer:** Sacraments of Initiation, Sacraments of Healing, Sacraments at the Service of communion and the mission of the faithful / പ്രാരംഭ കൂദാശകൾ, രോഗശാന്തിയുടെ കൂദാശകൾ, വിശ്വാസികളുടെ ഐക്യത്തിനായുള്ള ശുശ്രൂഷയുടെയും ദൗത്യത്തിന്റെയും കൂദാശകൾ (CCC1211)

16. Which are the Sacraments of Initiation/ പ്രാരംഭ /പ്രവേശക കൂദാശകൾ ഏതെല്ലാം?

**Answer:** Baptism, Chrismation and Holy Eucharist/ മാമ്മോദീസ, സ്ഥൈര്യലേപനം (തൈലാഭിഷേകം) വിശുദ്ധ കുർബാന (CCC1212)

17. Which are the Sacraments of healing? / സൗഖ്യദായക കൂദാശകൾ ഏതെല്ലാം?

**Answer:** Sacraments of Confession and Anointing of the Sick/കുമ്പസാരം (അനുരഞ്ജന കൂദാശ), രോഗീലേപനം (CCC 1420)

18. What are the Sacraments for the ministry of service to the Communtiy? / സമൂഹത്തിന്റെ സേവനത്തിനായുള്ള കൂദാശകൾ ഏവ?

**Answer:** Holy Orders and Holy Matrimony / തിരുപ്പട്ടം, വിശുദ്ധ വിവാഹം (CCC 1534)

19. Why Holy Orders and Holy Matrimony are called Sacraments at the service of communion and the mission? /തിരുപ്പട്ടവും വിശുദ്ധ വിവാഹവും ശുശ്രൂഷയുടെയും ദൗത്യത്തിന്റെയും കൂദാശകളെന്ന് വിളിക്കപ്പെടാൻ കാരണമെന്ത്?

**Answer:** These two Sacraments are directed towards the salvation of others and the personal salvation is achieved through service to others / ഈ രണ്ടു കൂദാശകളും വഴി മറ്റുള്ളവർ രക്ഷയിലേക്കു നയിക്കപ്പെടുകയും, മറ്റുള്ളവരെ സേവിക്കുന്നതിലൂടെ ഒരാൾ വ്യക്തിഗത രക്ഷനേടുകയും ചെയ്യുന്നു. (CCC 1534)

20. Which are the three out of seven sacraments that mark indelible character on the recipient? ഏഴു കൂദാശകളിൽ, സ്വീകർത്താവിൽ മായാത്ത മുദ്രപതിപ്പിക്കുന്ന മൂന്ന് കൂദാശകൾ ഏതെല്ലാം?

**Answer:** Baptism, Chrismation and Hoy Orders / മാമ്മോദീസ, സൈഥര്യലേപനം, തിരുപ്പട്ടം

21. What is the indelible character received through the sacraments? കൂദാശകളിലൂടെ ലഭിക്കുന്ന 'മായാത്ത അടയാളം' എന്താണ്?

**Answer:** It is a 'Spiritual Mark' imprinted on the recipient/ സ്വീകർത്താവിൽ പതിയുന്ന മായാത്ത ആത്മീയ അടയാളം (CCC1272)

22. How often can the sacraments with indelible character be received? /മായാത്ത മുദ്രപതിക്കുന്ന കൂദാശകൾ എത്രപ്രാവശ്യം സ്വീകരിക്കാം?

**Answer:** Only once/ ഒരിക്കൽമാത്രം

23. Which are the sacraments that require anointing with Holy Oil? തൈലംകൊണ്ടുള്ള ലേപനം ആവശ്യഘടകമായുള്ള കൂദാശകൾ ഏതെല്ലാം?

**Answer:** Baptism, Chrismation, Anointing of the Sick and Holy Orders / മാമ്മോദീസ, തൈലാഭിഷേകം (സൈഥര്യലേപനം), രോഗീലേപനം, തിരുപ്പട്ടം

24. What is the meaning of the Greek word 'Chrisma'?/ 'ക്രിസ്മ' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത്?

**Answer:** Anointing / അഭിഷേകം

25. What does the Greek word Mooron mean? /മൂറോൻ എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത്?

**Answer:** Ointment / തൈലം

26. What is the meaning of the Syriac Aramaic word 'Zayta'?/ 'സൈത്ത്' എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?

**Answer:** Olive oil / ഒലിവെണ്ണ

27. Which of the vegetable oils are mentioned in the Order of the Sacrament of the Syro-Malabar Church, for consecrating the sacramental ointments?കൂദാശകൾക്കു പയോഗിക്കുന്ന തൈലം റൂശ്മ ചെയ്യുന്നതിന് സീറോമലബാർ സഭയുടെ കൂദാശാക്രമത്തിൽ പരാമർശിച്ചിരിക്കുന്ന സസ്യജന്യ എണ്ണകൾ ഏതെല്ലാം?

**Answer:** Olive oil, Coconut oil and Sesame oil / ഒലിവെണ്ണ, വെളിച്ചെണ്ണ, എള്ളെണ്ണ

